പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6296

20.11.2019 -ലെ മറുപടിയ്ക്ക്

## തൊഴിൽ രംഗത്തെ ചൂഷണം കുറയ്ക്കുവാൻ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തൊഴിൽ രംഗത്തെ ചൂഷണം കുറച്ചുകൊണ്ടു വരുന്നതിനായി തൊഴിൽ വകുപ്പ് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | എ) തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളും വാണിജ്യസ്ഥാപനങ്ങളും അടക്കമുള്ള തൊഴിലിടങ്ങളിൽ പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.<br><br>കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും നടത്തുന്നുണ്ട് |

ബി) ഇക്കാര്യത്തിൽ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

ബി) ഉണ്ട്. വകുപ്പ് മന്ത്രി തലത്തിലും ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർ (ഇ) എന്നിവരുടെ നേതൃത്വത്തിലും കൃത്യമായ ഇടവേളകളിൽ തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ ജോലി അവലോകനം നടത്താറുണ്ട്.

സി) തൊഴിൽ നിയമങ്ങളെയും മറ്റ് പരിഹാരമാർഗ്ഗങ്ങളെയും സംബന്ധിച്ച് സാധാരണക്കാരായ തൊഴിലാളികൾക്ക് സഹായകരമായ രീതിയിൽ അവബോധം നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സി) വിവിധ തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും അവബോധം സൃഷ്ടിക്കുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് കൈപുസ്തകങ്ങൾ അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്തു വരുന്നുണ്ട്. ജീവനക്കാർക്ക് ഇരിപ്പിടം നൽകുന്നത് തൊഴിലുടമയുടെ ഉത്തരവാദിത്തം ആണെന്ന് തൊഴിലുടമകളെ ബോധവൽക്കരിക്കുന്നതിനായി, തൊഴിൽ വകുപ്പ് ലഘുലേഖകൾ വിതരണം നടത്തിയിട്ടുണ്ട്.

സ്ഥാപന പരിശോധന വേളയിൽ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ വിവിധ തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് തൊഴിലാളികളെയും ബോധവൽക്കരിക്കാറുണ്ട്.

വിവിധ തൊഴിൽ നിയമങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി "തൊഴിൽ ക്ഷേമരംഗം" എന്ന പേരിൽ ഒരു ദ്വൈമാസിക സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**